2019
ആഗസ്റ്റ്
വാല്യം 12 | ലക്കം 08
Annual Subscription ₹ 60.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN





നിത്യവ്രതവാഗ്ദാനം നടത്തിയ FMC സന്യാസസഭാംഗങ്ങളായ സി. ജൂലിയ, സി. അസൂന്ത എന്നിവർ അഭിവന്ദ്യപിതാവിനോടും വൈദികരോടുമൊപ്പം.



കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ വിജയപുരം രൂപതാ സമിതിയുടെ നേതൃത്വത്തിൽ ആണ്ടൂർ മൗണ്ട് കാർമൽ ദേവാലയത്തിൽ വച്ച് നടത്തിയ അവാർഡ് ദാനവും മെറിറ്റ് ഡേ ആഘോഷവും പാലാ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ബിജി ജോജോ ഉദ്ഘാടനം ചെയ്യുന്നു. സമീപം ഡയറക്ടർ ഫാദർ ജോഷി പുതുപ്പറമ്പിൽ, പ്രസിഡണ്ട് ശ്രീ ജോസഫ് സെബാസ്റ്റ്യൻ എന്നിവർ

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

AUGUST 2019 Registered Newspaper, Reg.No. KERMAL/2008/24745 Vol.12 • No.8

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055



## താളുകൾ മറിക്കുമ്പോൾ...

4 എഡിറ്റോറിയൽ:
ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ ജീവിക്കാം
6 രൂപതാകാര്യാലയത്തിൽ നിന്ന്
7 ജസ്റ്റീസ് സൺഡേ (നീതി ഞായർ) സർക്കുലർ
10 2019 ആഗസ്റ്റ് 11 ഞായർ തടവറ പ്രേക്ഷിത ദിനം
15 കുടുംബകൂട്ടായ്മ റിസോഴ്സ് മോണിറ്ററിംഗ് ടീം പരിശീലനം
16 യുവാക്കൾക്ക് പാപ്പയുടെ 15 ആഹ്വാനങ്ങൾ
19 യഥാർത്ഥത്തിൽ സ്വതന്ത്രരാണോ...
21 ഇടവകവാർത്തകൾ
27 സംഘടനാവാർത്തകൾ
30 വി.എസ്.എസ്.എസ്. വാർത്തകൾ
34 അഭിവന്ദ്യ പിതാവിന്റെ സെപ്റ്റംബർ മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

Editorial



# ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ ജീവിക്കാം

ഭാരതീയരെന്ന നിലയിലും ക്രൈസ്തവരെന്ന നിലയിലും നമുക്ക് വളരെ വിശേഷപ്പെട്ട ദിനമാണ് ആഗസ്റ്റ് 15. അന്ന് നമ്മൾ ഭാരതമാതാവിന്റെ സ്വാതന്ത്ര്യദിനവും ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ആഘോഷിക്കുന്നു. രണ്ടും സ്വാതന്ത്ര്യത്തിന്റെ ആഘോഷങ്ങളാണ്. വിദേശാധിപത്യത്തിൽ നിന്നുള്ള രാഷ്ട്രീയ സ്വാതന്ത്ര്യമാണ് ഭാരതീയരെന്ന നിലയിൽ ആഗസ്റ്റ് 15ന് നാം ആഘോഷിക്കുന്നത്. സ്വർഗ്ഗാരോപണത്തിലൂടെ ലൗകായതയിൽ നിന്നും, പാപത്തിൽ നിന്നും സാത്താനിൽ നിന്നും മരണത്തിൽ നിന്നുപോലും ദൈവമാതാവനുഭവിച്ച സമ്പൂർണ്ണ വിമോചനവും സ്വർഗ്ഗത്തിന്റെ സ്വാതന്ത്ര്യവുമാണ് അന്നേ ദിവസം തന്നെ ക്രൈസ്തവരെന്ന നിലയിൽ നാം ആഘോഷിക്കുന്നത്. ദൈവമാതാവിൽ സംഭവിച്ചത്–സമഗ്ര വിമോചനവും സമ്പൂർണ്ണ സ്വാതന്ത്ര്യവും–ഭാരതമാതാവിലും സംഭവിക്കണം.

ജീവിതം അതിന്റെ തികവിൽ സംതൃപ്തിയോടും സമാധാനത്തോടും സന്തോഷത്തോടുംകൂടെ ജീവിക്കാനാവുമ്പോഴാണ് നാം യഥാർത്ഥത്തിൽ സ്വതന്ത്രരാണ് എന്ന് പറയാനാവുക. ഉള്ളിൽ നിന്നും, ഉള്ളിലുള്ളതിൽ നിന്നും ജീവിക്കുമ്പോഴാണതു സാധിക്കുക. ഉള്ളിന്റെ ഉള്ളിലുള്ളവൻ ദൈവമാണ്. ക്രിസ്തുവാണ്. പരിശുദ്ധാത്മാവാണ്. ഉള്ളിലുള്ളത് സ്നേഹമാണ്. നന്മയാണ്, വിജ്ഞാനമാണ്, കഴിവുകളാണ്, സിദ്ധികളാണ്, കൃപയാണ്, സ്വപ്നമാണ്, ദർശനങ്ങളാണ്. ഉള്ളിനാൽ പ്രചോദിതരായി, ഉള്ളിനാൽ നയിക്കപ്പെട്ട്, ഉള്ളിനാൽ ശക്തീകരിക്കപ്പെട്ട്, ഉള്ളിനോട് വിശ്വസ്തരായി ജീവിക്കുമ്പോഴാണ് നാം സ്വാതന്ത്ര്യം അനുഭവിക്കുന്നത്. എന്നാൽ പലപ്പോഴും നാം അസ്വതന്ത്രരാണ്. നമ്മൾ നമ്മളാകുന്നതിൽ നിന്ന് നമ്മുടെ ജീവിതം അതിന്റെ തികവിൽ ജീവിക്കുന്നതിൽ നിന്ന് നാം തടസ്സപ്പെടുത്തപ്പെടുന്നു. പുറമേയുള്ളവയാൽ, പുറമേയുള്ളവരാൽ, നിയന്ത്രിക്കപ്പെടുമ്പോഴാണ് നാം അസ്വതന്ത്രരും അടിമകളുമാവുക. അവിടെ നാം വിരോധം കൊണ്ടും, ആസക്തികൊണ്ടും, ദുഃഖംകൊണ്ടും ഭയംകൊണ്ടും നിറയുന്നു. ജീവിത സംതൃപ്തിയോ, സമാധാനമോ സന്തോഷമോ നമുക്കനുഭവിക്കാനാകുന്നില്ല.

72 വർഷങ്ങൾക്കു മുമ്പ് സ്വതന്ത്രരാക്കപ്പെട്ടുവെങ്കിലും ഭാരതീയരെന്ന

നിലയിൽ യഥാർത്ഥ സ്വാതന്ത്ര്യം ഇന്നും നാം അനുഭവിക്കുന്നില്ല. ആത്മീയമായും, സാമൂഹികമായും, സാമ്പത്തികമായും, സാംസ്കാരികമായും, മാനസികമായും, വൈകാരികമായും, ശാരീരികമായും, അടിമത്തത്തിലാണ് നമ്മൾ. അക്രമവും അനീതിയും അഴിമതിയും നാട്ടിലെങ്ങും നടമാടുന്നു. ജനാധിപത്യം പല രീതിയിലും പലയിടത്തും ധ്വംസിക്കപ്പെടുന്നു. രാഷ്ട്രീയക്കുതിരക്കച്ചവടവും കൂറുമാറ്റങ്ങളും പെരുകുന്നു. മനുഷ്യരാൽ മനുഷ്യർക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടവർ ജനങ്ങളെ മറന്ന് സ്വന്തം കാര്യത്തിനും സ്വന്തം നേട്ടത്തിനും അധികാരത്തിനും വേണ്ടി പ്രലോഭിതരായി കൂറുമാറാനും മറ്റെന്തും ചെയ്യാനും തയ്യാറാകുന്നു. സ്വേച്ഛാധിപത്യവും, സ്വജന പരിപാലനവും വർഗ്ഗീയതയും പുലർത്തുന്നു. അവിടെ ജനങ്ങൾ അവഗണിക്കപ്പെടുന്നു. അരക്ഷിതത്വം അനുഭവിക്കുന്നു. അവരുടെ സുസ്ഥിതി തകരുന്നു. വിലക്കയറ്റത്തിലും കടബാധ്യതകളിലുംപെട്ട് ഭാരതപൗരർ നട്ടം തിരിയുന്നു. നീതിയും സമാധാനവും ഐശ്വര്യവും എങ്ങോ ഓടിമറയുന്നു. മനുഷ്യരെ ഉദ്ധരിച്ച് ഒന്നിപ്പിച്ച് സ്വാതന്ത്ര്യത്തിലും രക്ഷയിലും സമാധാനത്തിലും മുന്നോട്ടു നയിക്കാൻ വേണ്ടി ഉടലെടുത്ത രാഷ്ട്രീയ പാർട്ടികളും സംഘടനകളും മതങ്ങളും മനുഷ്യരെ ഭിന്നിപ്പിക്കുന്നു. പരസ്പരം വിദ്വേഷിക്കാനും വിഷമിപ്പിക്കാനും തകർക്കാനും പ്രചോദിപ്പിക്കുന്നു. ലാഭം മാത്രം ലക്ഷ്യമാക്കുന്ന മാഫിയകൾ മദ്യത്തിലും മയക്കുമരുന്നിലും യുവജനങ്ങളെ ആഴ്ത്തി ഭാവിതലമുറയെ നശിപ്പിക്കുന്നു. ഫലമോ മനുഷ്യർ സാമ്പത്തികമായും സാമൂഹികമായും മാനസികമായും വൈകാരികമായും വിലാപത്തിലും പരാധീനതയിലും കഴിയുന്നു.

അവിടെ സ്വാതന്ത്ര്യത്തിന്റെ അവതാരം പോലെ വെളിപ്പെടുന്ന സ്വർഗ്ഗീയ രാജ്ഞി, സ്വർഗ്ഗാരോപിതയായ കന്യകാമറിയം, ദൈവമാതാവ്, ഭാരതമാതാവിനെ പരിരക്ഷിക്കട്ടെ. സമ്പൂർണ്ണ സ്വാതന്ത്ര്യാനുഭവത്തിലേക്ക് നയിക്കട്ടെ. ദൈവമാതാവിനെ ആദരിച്ചും അനുകരിച്ചും സ്നേഹിച്ചും, അവളാൽ പ്രചോദിപ്പിക്കപ്പെട്ടും നയിക്കപ്പെട്ടും ഭാരതാംബിക സ്വാതന്ത്ര്യാനുഭവത്തിൽ ഉത്തരവാദിത്തത്തോടും വിശ്വസ്തതയോടും മുന്നേറട്ടെ. ഉള്ളിൽ നിന്നുറവയെടുക്കുന്ന സ്നേഹത്താലും ജ്ഞാനത്താലും ചൈതന്യത്താലും നിറഞ്ഞ് ഏവരും സ്വതന്ത്രരാകട്ടെ. ഏവർക്കും സ്വാതന്ത്ര്യമേകുന്നവരാകട്ടെ.

എല്ലാവർക്കും ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിന്റെയും ഭാരതമാതാവിന്റെ സ്വാതന്ത്ര്യത്തിന്റെയും മംഗളങ്ങളും അനുഗ്രഹങ്ങളും ഹൃദയപൂർവ്വം ആശംസിക്കുന്നു.

"വിജയപുരദൂത് വായനക്കാർക്ക് സ്വാതന്ത്ര്യദിനത്തിന്റെയും
സ്വർഗ്ഗാരോപണതിരുന്നാളിന്റെയും ആശംസകൾ"

-പത്രാധിപസമിതി

# രൂപതാ കാര്യാലയത്തിൽ നിന്ന്

Rev. Fr. Edwin Kadvanthara is appointed as the Director of Holy Family Vimalahrudaya Students' Residence and the Manager of Madona College, Kottayam.

Rev. Fr. Felix Davasya Puratheparambil is relieved from his responsibility as the Assistant Director of VSSS and as the Parish Priest of St. Mary's Church, Nattasserry.

Rev. Fr. Augustine Binoy Mecheril is appointed as the Assistant Director of VSSS. This is in addition to his responsibility as the Parish Priest of St. John the Baptist Church, Veloor.

Rev. Fr. Joseph Padikaramala is appointed as the Parish Priest of Holy Cross Church, Mannackanad.

Rev. Fr. Sebastian Kallumpurath is appointed as the Parish Priest of St. Martin De Porres Church, Adimaly.

Rev. Fr. Antony John Manapurath is appointed as the Parish Priest of St. Paul's Church, Vettimukal.

Rev. Fr. Dennis Joseph Kannamalil is appointed as the Parish Priest of St. Mary's Church, Nattassery.

Rev. Fr. Thomas Jophy Vallathumchira is appointed as the Parish Priest of St. Mary's Church, Kurumulloor.

Revf. Fr. Joshy Puthuparambil is appointed as the Parish Priest of St. Joseph's Church, Maramon.

Rev. Fr. Peter Mathirappilly is appointed as the Parish Priest of Mount Carmel Church, Andoor.

Rev. Fr. Joseph Kanappilly is appointed as the Parish Priest of Holy Cross Church, Vaisiambhagom

Rev. Fr. Joseph Poovathunkal is appointed as the Parish Priest of St. Joseph's Church, Thiruvalla.

Rev. Fr. Agnel Dominic Rodriguez is appointed as the Priest -in-Charge of St. Joseph's Church, Propose.

Rev. Fr. Ronald Mathew Puthenparambil is appointed as the Parish Priest of St. Sebastian's Church, Chathanthara.

Rev. Fr. George Manoj Lobo is appointed as the Parish Priest of St. Joseph's Church, Poovam.

Rev. Fr. Johnson Chalumattuthara is appointed as the Parish Priest of St. Francis de Sales Church, Peruva.

Rev. Fr. Xavier Mamoottil is appointed as the Parish Priest of St. Sebastian's Church, Pullarikkunnu.

Rev. Fr. Silvester Madhavassery is appointed as the Parish Priest of St. Joseph's Church, Nedungapra.

Rev. Fr. Merson Antony CFIC is appointed as the Assistant Parish Priest of St. Xavier's Church, Kurichy.

Rev. Fr. Lino Kurien Kalathiparambil OSJ is appointed as the Assistant Parish Priest of St. Mary's Church, Vadavathoor.

Rev. Fr. Sebastian Harold Kalathil O de M is appointed as the Parish Priest of Nithya Sahaya Matha Church, Chithirapuram.

Rev. Fr. Shibu Varghese Varavilathoppu HGN is appointed as the Assistant Parish Priest of Infant Jesus Church, Elappara.




ആഗസ്റ്റ്

## ജന്മദിനാശംസകൾ

| | |
|---|---|
| *02* | *Fr. George Chakkumkal* |
| *04* | *Fr. Sebastian Veliyil* |
| *05* | *Fr. Thomas Tharayil* |
| *07* | *Fr. Stephen Puthenparambil* |
| *09* | *Fr. Edwin Kadavanthara* |
| *11* | *Fr. Sebastian Thekethecheril* |
| *12* | *Fr. Joshy Puthuparambil* |
| *14* | *Fr. Paul Nelson Kanappilly* |
| *14* | *Fr. Peter Kuttamparambil* |
| *17* | *Fr. Joseph Mathew Padikaramala* |
| *20* | *Fr. Jacob Puthuparambil* |
| *23* | *Fr. Johnson Chalumattuthara* |
| *26* | *Fr. Scaria (Jiss) Anickal* |
| *30* | *Fr. Basil Padua OCD* |

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2019
# ആഗസ്റ്റ് 18, ഞായർ

കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് ഭാരതത്തിന്റെ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായറാഴ്ച നീതിഞായർ (ജസ്റ്റീസ് സൺഡേ) ആയി ആചരിക്കുന്നു. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ തുല്യനീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവരോടുള്ള കത്തോലിക്കാസഭയുടെ ഐക്യദാർഢ്യം നവീകരിക്കുന്ന ദിവസമാണിത്. ഒരുമിച്ചു പ്രാർത്ഥിച്ചുകൊണ്ടും ദലിത് ക്രൈസ്തവരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളിൽ ഉദാരമായി പങ്കുചേർന്നുകൊണ്ടും ഈ ദിനം കൂടുതൽ ഫലവത്താക്കാൻ നമുക്ക് പരിശ്രമിക്കാം.

തന്റെ നാമത്തെപ്രതി പീഡിപ്പിക്കപ്പെടുകയോ തരം താഴ്ത്തപ്പെടുകയോ ചെയ്യുന്നവരോട് യേശു പറഞ്ഞത് 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്നാണ്. ഈ വസ്തുത ഫ്രാൻസിസ് പാപ്പാ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന തന്റെ അപ്പസ്തോലികാഹ്വാനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു (നമ്പർ 1). നമ്മുടെ വിശ്വാസത്തെ പ്രതി ഈ ലോകത്തിൽ നമുക്കു നേരിടേണ്ടിവരുന്ന പ്രതികൂല അനുഭവങ്ങളുടെ മധ്യേ നമുക്കുണ്ടാകേണ്ട മനോഭാവം എന്തെന്ന് യേശുവിന്റെ ഈ വചനം നമ്മെ പഠിപ്പിക്കുന്നു. ലോകത്തുള്ള മറ്റെന്തിനെക്കാളും ഉപരിയായി ദൈവസ്നേഹത്തെ നാം വിലമതിക്കുകയാണെങ്കിൽ വിശുദ്ധ പൗലോസ് അപ്പസ്തോലനെപ്പോലെ നമുക്കും പറയാൻ കഴിയും: "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും?" (റോമ 8:35-39). സഹനങ്ങളുടെ മധ്യേയും യേശുവിന്റെ സ്നേഹം അനുഭവിച്ചുകൊണ്ട് ജീവിതത്തിൽ മുന്നേറുവാൻ നമുക്കു കഴിയും. യേശു അരുൾചെയ്തതുപോലെ 'ശത്രുക്കളെ സ്നേഹിക്കുകയും ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, ചെയ്താൽ നമുക്കു സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരാം (മത്താ 5:4348).

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ വിവേചനത്തിനിരയായി വേദനയനുഭവിക്കുന്ന സഹോദരങ്ങളുടെ നേരെ കണ്ണുകളടയ്ക്കുവാൻ ഒരു ക്രിസ്തുവിശ്വാസിക്ക് കഴിയുകയില്ല. അവരുടെ സഹനങ്ങളിൽ പങ്കുചേരുകയും അവരുടെ ഉന്നമനത്തിനാവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യാൻ നമുക്കേവർക്കും കഴിയണം. പ്രത്യേകിച്ച്, അവരുടെ സഹനത്തിന്റെയും കഠിനാധ്വാനത്തിന്റെയും നല്ല ഫലങ്ങളനുഭവിക്കുന്നവർ അവരുടെ ക്ഷേമത്തിനായി സ്വയം ത്യാഗം ചെയ്യാനും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനും തയ്യാറാകണം.

സഭയ്ക്കുള്ളിൽ ജാതിവിവേചനത്തിന്റേതായ എല്ലാ സമീപനങ്ങളും

പൂർണമായി ഒഴിവാക്കാനും സഭയിൽ പ്രത്യേക പരിഗണന നല്കി ദലിത് സഹോദരങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ദലിത് ശക്തീകരണനയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സഭാസമൂഹം ഒന്നിച്ച് പരിശ്രമിക്കണം. കേരള കത്തോലിക്കാ മെത്രാൻ സമിതി, ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) എന്ന പ്രസ്ഥാനത്തിലൂടെയാണ് ദലിത് സഹോദരങ്ങളുടെ സമഗ്ര വികസനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെല്ലാം ദലിത് ക്രൈസ്തവരുടെ പങ്കാളിത്തം വർധിക്കേണ്ടതുണ്ട്. ഭവനനിർമ്മാണം, വിദ്യാഭ്യാസപ്രോത്സാഹനം, നേതൃത്വ പരിശീലനം, കരിയർ ഗൈഡൻസ്, സർക്കാരുമായുള്ള ബന്ധപ്പെടൽ തുടങ്ങിയ മേഖലകളിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽക്കണ്ട് ദലിത് ക്രൈസ്തവ വിഷയങ്ങൾ ചർച്ച ചെയ്യുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ കോർപ്പറേഷനുമായി തുടർചർച്ചകൾ നടക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വിവിധ സന്ന്യസ്തസഭകളുടെയും ഭക്ത സംഘടനകളുടെയും രൂപതകളുടെയും സഹായസഹകരണത്തോടെ ഭവനരഹിതരായ 300 ദലിത് കത്തോലിക്കാ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 5,25,00,000 (അഞ്ചുകോടി ഇരുപത്തഞ്ചു ലക്ഷം) രൂപയും വിദ്യാഭ്യാസ സ്കോളർഷിപ്പായി കഴിഞ്ഞവർഷം 3,52,000 (മൂന്നു ലക്ഷത്തിഅൻപത്തിരണ്ടായിരും) രൂപയും ധനസഹായം നല്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ ഭവനനിർമ്മാണം, വിദ്യാഭ്യാസ സ്കോളർഷിപ്പ് കൂടാതെ Talent and Skill Development Program ഉം കലാവൈഭവമുള്ളവർക്ക് പ്രത്യേക പരിശീലനപരിപാടികളും ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾക്ക് വലിയ സാമ്പത്തിക സഹായം ആവശ്യമാണ്. ആഗസ്റ്റ് 18-ാംതീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച പൂർണമായും കെസിബിസി SC/ST/BC കമ്മീഷന് നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

N.B: 2019 ആഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## 2019 ആഗസ്റ്റ് 11 ഞായർ തടവറ പ്രേഷിത ദിനം

കെസിബിസി ജസ്റ്റിസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ ഭാഗമായ ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ സഭാമക്കളുടെ പങ്കിനെപ്പറ്റി പ്രതിപാദിക്കുന്ന സർക്കുലർ

**കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**

1887 മാർച്ച് 17-ന് പാരീസുകാരിയായ മരീ റെഗ്നോൾട്ട് അവളുടെ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. അവളുടെ കഴുത്ത് മുറിക്കപ്പെട്ടിരുന്നു. വാതിലിനടുത്ത് അവളുടെ വേലക്കാരിയായ അനീറ്റയുടെ മൃതദേഹം കിടന്നിരുന്നു. അവളുടെ കഴുത്തിനും മുറിവുണ്ടായിരുന്നു. അവളുടെ കിടക്കയിൽ വേലക്കാരിയുടെ മകൾ മരീയും മരിച്ചു കിടന്നിരുന്നു. ആഭരണങ്ങൾ മോഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ക്രൂരത കാണിച്ചതെന്ന് ന്യൂയോർക്ക് ടൈംസ് എന്ന പത്രം റിപ്പോർട്ട് ചെയ്തു. ഒരാഴ്ചയ്ക്കുള്ളിൽ പോലീസ് കുറ്റവാളിയായ ഫ്രാൻസീനിയെ പിടികൂടി. അയാൾക്ക് മൂന്നു കൊലപാതകക്കുറ്റങ്ങൾക്കുള്ള വധശിക്ഷ വിധിക്കപ്പെട്ടു.

ഈ സംഭവം നടക്കുമ്പോൾ ലിസ്യുവിലെ കൊച്ചുത്രേസ്യയ്ക്ക് പതിനാലു വയസ്സേ ഉണ്ടായിരുന്നുള്ളൂ. എന്നാലും അതിൽ ഇടപെടാൻ താൻ നിർബന്ധിക്കപ്പെടുന്നതായി അവൾക്കു തോന്നി. “ഒരാത്മാവിന്റെ കഥ” എന്ന ആത്മകഥയിൽ അവൾ ഇതിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. ഫ്രാൻസീനി മനസ്തപിക്കാതെ മരിക്കുമെന്ന് അവൾക്കു തോന്നി. അയാളെ നരകത്തിൽ വീഴാതെ എന്തു വിലകൊടുത്തും രക്ഷിക്കണമെന്ന് അവൾ ആഗ്രഹിച്ചു. ഫ്രാൻസീനിയെ രക്ഷിക്കാൻ വേണ്ടി നമ്മുടെ കർത്താവിന്റെ അനന്ത യോഗ്യതകൾ അവൾ ദൈവത്തിനു കാഴ്ചവച്ചു. വിശുദ്ധ കുർബാനകൾ കാഴ്ചവച്ചു, പരിത്യാഗങ്ങൾ അനുഷ്ഠിച്ചു. 1887 സെപ്റ്റംബർ 1-ാം തീയതി പത്രത്തിൽ ഇങ്ങനെ വായിച്ചു: ഫ്രാൻസീനിയുടെ തല വധയന്ത്രത്തിൽ വയ്ക്കാൻ തുടങ്ങിയപ്പോൾ അയാൾ തിരിഞ്ഞ് പുരോഹിതൻ നീട്ടിപ്പിടിച്ച ക്രൂശിത രൂപത്തിൽ പിടിച്ച് തിരുമുറിവുകളെ മൂന്നു പ്രാവശ്യം ചുംബിച്ചു. “അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാകും” (ലൂക്കാ 15,7) എന്ന് പ്രഖ്യാപിക്കുന്ന യേശുവിന്റെ കരുണാപൂർവകമായ വചനം കേട്ട് അയാൾ ലോകം വിട്ടു പോയി.

തടവുകാരെ നിത്യനാശത്തിൽ നിന്നു സ്വതന്ത്രരാക്കാൻ കത്തോലിക്കരായ നമുക്ക് വിശുദ്ധ കൊച്ചുത്രേസ്യയ്ക്കെന്നപോലെ വലിയ ഉത്തരവാദിത്വമുണ്ട്. തടവുകാരുടെ ദയനീയ സ്ഥിതിയെപ്പറ്റി നാം ചിന്തിച്ചി

ട്ടുണ്ടോ? അവരുടെ സഹനം? അപമാനം? പ്രതീക്ഷയില്ലായ്മ? നിസ്സഹായമനോഭാവം? മനുഷ്യത്വത്തിനു യോജിക്കാത്ത അവസ്ഥകൾ? അവരുടെ കുടുംബങ്ങൾ? ഇരകളാക്കപ്പെട്ടവരും അവരുടെ കുടുംബങ്ങളും? മിക്കപ്പോഴും തടവറകൾ തിങ്ങിഞ്ഞെരുങ്ങിയതും വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്തതും അനാരോഗ്യപരവും സാമ്പത്തിക പരിമിതികളാൽ ശോചനീയവുമായി കാണപ്പെടാറുണ്ട്. നാം എന്നെങ്കിലും അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടോ: അവർക്ക് ഒരു എഴുത്തയച്ചിട്ടുണ്ടോ? അവരെ സന്ദർശിച്ചിട്ടുണ്ടോ? ഇത് കർത്താവു തന്നെ പറഞ്ഞതാണ്: "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചോ?" സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ഭാരത കത്തോലിക്കസഭ തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായ വി. മാക്സ് മില്യൻ മരിയ കോൾബേയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 നു മുൻപ് വരുന്ന ഞായറാഴ്ച തടവുകാർക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. യേശുസാഹോദര്യ ശുശ്രൂഷാ ഞായർ എന്നാണ് അത് അറിയപ്പെടുന്നത്.

ക്രിമിനൽ പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ICPR) റിപ്പോർട്ട് അനുസരിച്ച് 2018 സെപ്റ്റംബർ 30-ന് ലോകത്തിൽ ഒരു കോടി ഏഴു ലക്ഷത്തിനാല്പത്തിമൂവായിരത്തി അറുനൂറ്റി പത്തൊമ്പത് തടവുകാരുണ്ട്. ഇന്ത്യയിൽ നാലു ലക്ഷത്തി പത്തൊമ്പതിനായിരത്തി അറുനൂറ്റി ഇരുപത്തിമൂന്ന് സഹോദരങ്ങൾ തടവറകളിലുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ സന്ദർശിക്കാനും അവരുടെ മോചനത്തിനുവേണ്ടിയുള്ള നിയമാനുസൃതമായ പ്രക്രിയയിൽ സഹായിക്കാനും അവരുടെ ജീവിത നവീകരണം പുനരധിവാസം, അവരുടെ കുടുംബങ്ങൾ എന്നീ മേഖലകളിൽ ശ്രദ്ധ പതിപ്പിക്കാനും നമുക്ക് കടമയുണ്ട്; എന്തെന്നാൽ തടവറക്കാർ നമ്മുടെ സഹോദരങ്ങളാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർ (ഉത്1:27). കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്കു കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് നമ്മിൽ ഭൂരിഭാഗം ആളുകളും. അതു കുറെയൊക്കെ സാധൂകരിക്കാവുന്നതുമാണ്. കുറ്റങ്ങൾ കുറയ്ക്കാൻ അത് സഹായകരമാണെന്നു പൊതുവേ കരുതപ്പെടുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതികാരമനോഭാവം ഉണർത്തുവാൻ ഇടയാക്കുന്നു എന്ന് സമ്മതിക്കണം. ഈ സാഹചര്യത്തിൽ കുറ്റംചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണമെന്തായിരിക്കണം? സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണമെന്ന് തിരുസഭ സഭാമക്കളെ ഓർമ്മിപ്പിക്കുന്ന ദിനമാണിന്ന്.

യേശു പ്രത്യേകമായ വിധത്തിൽ തടവറക്കാരെയും വേശ്യകളെയും ചുങ്കം പിരിക്കുന്നവരെയും കുറ്റവാളികളെയും സ്നേഹിക്കുകയും അവരെ രക്ഷിക്കാൻ തന്റെ രക്തം ചിന്തുകയും ചെയ്തു. അവിടുന്നു പറഞ്ഞു: "ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കു മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" (മത്തായി 21:31). അവിടുന്ന് മത്തായിയുടെ

ചുങ്കപ്പിരിവു കേന്ദ്രം സന്ദർശിക്കുകയും അദ്ദേഹത്തെ തന്റെ ശിഷ്യനാക്കുകയും ചെയ്തു. പാപികളുടെയും ചുങ്കക്കാരുടെയും കൂടെ ഇരുന്ന് ഭക്ഷണം കഴിച്ചപ്പോൾ യേശു പറഞ്ഞു, താൻ നീതിമാന്മാരെ വിളിക്കാനല്ല പാപികളെ അനുതാപത്തിലേക്ക് വിളിക്കാനാണ് വന്നതെന്ന് (ലൂക്കാ 5:32). നസ്രത്തിലെ സിനഗോഗിൽ വച്ച് യേശു "ബന്ധനസ്ഥർക്ക് മോചനം പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" എന്നും (ലൂക്കാ 4:18). താൻ വിശക്കുന്നവരിലും ദാഹിക്കുന്നവരിലും വിജാതീയരിലും ദരിദ്രരിലും രോഗികളിലും ബന്ധനസ്ഥരിലും ജീവിക്കുന്നു എന്നും വെളിപ്പെടുത്തിയിരിക്കുന്നു (മത്തായി 25:31-46).

തടവറ ശുശ്രൂഷാ ഞായറാഴ്ചയുടെ 2019- ലെ പ്രമേയം " ഭിത്തികൾ തടവറകൾ സൃഷ്ടിക്കുന്നില്ല" എന്നതാണ്. റിച്ചാർഡ് പോളിന്റെ 'തടവറയിൽനിന്ന് അൾത്താരയിലേക്ക്' (From prison to the Altar) എന്നു പേരുള്ള കവിതയിൽ നിന്നാണ് ഈ ആപ്തവാക്യം എടുത്തിട്ടുള്ളത്. വെസ്റ്റ് മിനിസ്റ്റർ ആബിയുടെ അടുത്തുള്ള ഗെയ്റ്റ് ഹൗസ് പ്രിസൺ എന്ന ജയിലിൽ തടങ്കൽ വാസമനുഭവിക്കുമ്പോഴാണ് ഈ കവിത അദ്ദേഹം എഴുതിയത്. കരിങ്കൽ ഭിത്തികളും ഇരുമ്പഴികളും സ്വതന്ത്രമായ ശാരീരിക ചലനത്തിൽ നിന്ന് വ്യക്തികളെ തടയുന്നു. പക്ഷേ, ഇനിയും സ്വതന്ത്രമായി സ്നേഹിക്കാൻ കഴിയുമെങ്കിൽ അവരുടെ ചിന്തകൾ സ്വതന്ത്രമായി പറക്കുന്നു. അപ്പോൾ അവർ ഹൃദയത്തിലും മനസ്സിലും ആത്മാവിലും സ്വതന്ത്രരാണ്. ജയിൽവാസം ഒരുവന്റെ ചിന്തകളെയും ഭാവനയെയും സ്വപ്നങ്ങളെയും കാഴ്ചകളെയും, ഉൾക്കാഴ്ചകളെയും പദ്ധതികളെയും തടയുന്നില്ല. നിങ്ങൾക്ക് മനസ്സിന്റെ ശരിയായ ചട്ടക്കൂടുണ്ടെങ്കിൽ, നിങ്ങളുടെ മനസ്സ് നിഷ്കളങ്കവും പ്രശാന്തവുമാണെങ്കിൽ മറ്റുള്ളവർ തടവറയായി കാണുന്നതിനെ അഭയകേന്ദ്രമായി, ആശ്രയമായി കാണാനാവും. അവിടെ പരിഷ്കാരങ്ങളും ജീവിതനവീകരണങ്ങളുമുണ്ടാകും. എന്തെന്നാൽ, ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്കാ 1:37).

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2019 ജനുവരി 25-ന് പനാമയിലെ ലാസ് ഗർസാസ് ദെ പക്കോറാ എന്ന സ്ഥലത്ത് പ്രായപൂർത്തിയാവാത്തവരെ തടവിൽ പാർപ്പിക്കുന്ന കേന്ദ്രത്തിൽ നടത്തിയ അനുതാപ ലിറ്റർജിയിൽ പാപികളെയും കുറ്റക്കാരെയും അകറ്റിനിർത്താൻവേണ്ടി സമൂഹം അദൃശ്യഭിത്തികൾ നിർമ്മിക്കുന്നതിനെ അപലപിച്ചു. അദ്ദേഹം പ്രഭാഷണത്തിൽ ഇങ്ങനെ ആഹ്വാനം ചെയ്തു: "തിന്മയെ നന്മ കൊണ്ടും ദ്രോഹത്തെ ക്ഷമകൊണ്ടും കീഴടക്കാനും എല്ലാവരോടും സമാധാനത്തിൽ ജീവിക്കാനും വേണ്ടി ഭിത്തികൾ നിർമിക്കാതെ പാലങ്ങൾ നിർമ്മിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു." ലോകത്തിലെല്ലാം വധശിക്ഷ ഇല്ലാതാക്കാൻ ഫ്രാൻസിസ് പാപ്പാ പരിശ്രമിക്കുന്നു. നമുക്ക് അദ്ദേഹത്തോട് ചേർന്നു നിൽക്കാം. കാരണം, വധശിക്ഷ മനുഷ്യത്വത്തെ ആക്രമിക്കലാണ്. ഇത്തരുണത്തിൽ ഭാരതത്തിൽ ഈ അടുത്തിടെ പാസ്സാക്കിയ വധശിക്ഷാനിയമം - കുഞ്ഞുങ്ങളെ ലൈംഗികമായി പീഡിപ്പിക്കുന്നവർക്കുള്ള വധശിക്ഷാനിയമം - ഏറെ വേദനയോടെയാണ് കാണുന്നത്. കുഞ്ഞു

ങ്ങൾക്കും വെല്ലുവിളികൾ നേരിടുന്നവർക്കും എതിരേനടക്കുന്ന ഇത്തരത്തിലുള്ള അതിക്രമങ്ങൾ തീർത്തും അപലനീയവും ഗൗരവമായ കുറ്റവും ആണ്. എന്നാൽ അതിന്റെ പേരിൽ കുറ്റക്കാരെ വധിക്കുന്ന നിയമം വീണ്ടും അപകടകരവും മനുഷ്യത്വഹീനവുമാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് പരിപോഷിപ്പിക്കപ്പെടുകതന്നെ വേണം.

യേശുസാഹോദര്യകൂട്ടായ്മയുടെ അഥവാ തടവറ പ്രേഷിത കൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 33 വർഷങ്ങളായി കേരളത്തിലെ 55- ഓളം വരുന്ന ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുകയും ചെയ്യുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാമെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെയും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും ജയിൽ മോചിതരായവരെയും അവരുടെ മക്കളെയും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയ വരെ വിവാഹം കഴിപ്പിച്ചയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 33 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ ത്തന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. 2550-ൽ പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണജീവിതത്തിലേക്ക് കൊണ്ടുവരാനും യേശു സാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990 -ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക്

അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 33 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46-ഓളം യൂണിറ്റുകളിലായി 1000 -ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ്സ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ
പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

---

N:B:

2019 ആഗസ്റ്റ് 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കുടുംബകൂട്ടായ്മ റിസോഴ്സ് മോണിറ്ററിങ് ടീം പരിശീലനം



**കേ**രള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ ആഹ്വാനപ്രകാരം കുടുംബകൂട്ടായ്മ ശുശ്രൂഷ സംവിധാനം കാര്യക്ഷമമാക്കാൻ രൂപതയിലെ 8 മേഖലകളിലെയും തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷ സമിതി നേതാക്കന്മാർക്കായി ജൂലൈ 13,14 തീയതികളിൽ വിമലഗിരിയിൽ വെച്ച് പരിശീലനപരിപാടി നടത്തി.

ജൂലൈ 13നു വൈകുന്നേരം 4 മണിക്ക് ക്യാമ്പ് ആരംഭിച്ചു. മോൺസിഞ്ഞോർ ഡോ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ ക്യാമ്പ് ഉത്ഘാടനം നിർവ്വഹിച്ചു. കുടുംബകൂട്ടായ്മ രൂപത കോ–ഓർഡിനേറ്റർ ചാക്കോ ജോസഫ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കുടുംബ കൂട്ടായ്മ ഡയറക്ടർ ഡോ. ജോസ് നവസ് ആമുഖ സന്ദേശം നൽകി. വിമലഗിരി കത്തീഡ്രൽ വൈസ് റെക്ടർ ഫാ. ജോൺ വിയാനി, കെ.കെ റെജി എന്നിവർ സംസാരിച്ചു. രൂപതാ കോർ ടീം അംഗങ്ങളായ ബിജോയ് കരകാലിൽ സ്വാഗതവും ജോർജ് കെ. ആന്റണി നന്ദിയും അർപ്പിച്ചു. തുടർന്ന് 'കുടുംബ കൂട്ടായ്മ എന്തിന്', ശുശ്രൂഷകരുടെ കടമകളും സാധ്യതകളും തിരുസഭയുടെ 12 മാതൃകകൾ, ക്രിസ്തീയ നേതൃത്വം, ബി.സി.സി. ശുശ്രൂഷാസമിതികൾ, പരിശുദ്ധ ത്രീത്വവും കൂട്ടായ്മയും എന്നീ വിഷയങ്ങൾ യഥാക്രമം സി. തെരേസിലിൻ, സി. ജെനിൻ, ബിജോയ് കരകാലിൽ, ജോർജ് കെ. ആന്റണി, ഡോ. ജോസ് നവസ് എന്നിവർ അവതരിപ്പിച്ചു. രണ്ടാം ദിനത്തിൽ വിവിധ ഒരുക്കസമ്മേളനങ്ങളുടെ മാതൃക, വിവിധ ചർച്ചകൾ, പ്ലാനിങ് എന്നിവ നടന്നു. പ്ലാനിങ്ങിനു ചാക്കോ ജോസഫ് നേതൃത്വം നൽകി.

ഈ പരിശീലനം ലഭിച്ച നേതാക്കന്മാർ അതത് മേഖലകളിൽ സെപ്റ്റംബർ മാസത്തിനു മുൻപ് മേഖല ശുശ്രൂഷ സമിതി അംഗങ്ങൾക്ക് പരിശീലനം നടത്താൻ തീരുമാനിച്ചു. അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ എന്ന പേരിൽ ഡോ. ജോസ് നവസ് തയ്യാറാക്കിയ പുസ്തകത്തെ അടിസ്ഥാനമാക്കിയാണ് പരിശീലനം നടത്തിയത്. രൂപത കോർ ടീം അംഗങ്ങൾ, സന്യസ്ത പ്രതിനിധികൾ, മേഖല പ്രതിനിധികൾ എന്നിവർ ക്യാമ്പിൽ പങ്കെടുത്തു.

# ക്രിസ്തുസ് വിവിത്തിൽ യുവാക്കൾക്ക് പാപ്പയുടെ 15 ആഹ്വാനങ്ങൾ

**മോൺ ഡോ. ജോസ് നവസ്**

1. ക്രിസ്തു ജീവിക്കുന്നു. അവിടുന്നു നമ്മുടെ പ്രത്യാശയാണ്. അവനിൽ നിങ്ങളും ജീവിക്കണം. # 1
2. നിങ്ങളെ സ്നേഹിക്കാൻ ദൈവത്തെ അനുവദിക്കുവിൻ കാരണം നിങ്ങൾ എങ്ങനെയായിരിക്കുന്നുവോ, അങ്ങനെ അവിടുന്നു നിങ്ങളെ സ്നേഹിക്കുന്നു. അവിടുന്നു നിങ്ങളെ വിലമതിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. മാത്രമല്ല അവിടുന്ന് എപ്പോഴും തന്റെ സൗഹൃദം, പ്രാർത്ഥനയിൽ തീക്ഷ്ണത, അവിടുത്തെ വചനത്തിനുവേണ്ടി കൂടുതൽ ദാഹം, ദിവ്യകാരുണ്യത്തിൽ ക്രിസ്തുവിനെ സ്വീകരിക്കാൻ കൂടുതൽ മോഹം, അവിടുത്തെ സുവിശേഷമനുസരിച്ച് ജീവിക്കാൻ കൂടുതൽ ആവേശം, കൂടുതൽ ആന്തരീകശക്തി, കൂടുതൽ സമാധാനവും സന്തോഷവും- എല്ലാം കൂടുതൽ കൂടുതൽ നൽകിക്കൊണ്ടിരിക്കുന്നു.# 161
3. സുവിശേഷത്തിൽ അവതരിപ്പിക്കപ്പെട്ട യുവാവായ യേശുവിനെപ്പറ്റി ധ്യാനിക്കുക എന്നത് നിങ്ങളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എന്തെന്നാൽ അവിടുന്ന് യഥാർത്ഥത്തിൽ നിങ്ങളിലൊരാളായിരുന്നു. നിങ്ങളുടെ യുവഹൃദയങ്ങളുടെ അനേകം സവിശേഷതകളിൽ അവൻ പങ്കുചേരുന്നുണ്ടായിരുന്നു. .# 31
4. കർത്താവിനെ അന്വേഷിക്കുക. അവന്റെ വചനം പാലിക്കുക. നമ്മുടെ ജീവിതം അവിടുത്തേക്ക് ഭരമേല്പിക്കുക. സദ്ഗുണങ്ങളിൽ വളരുക. .# 158
5. ഇന്റർനെറ്റുമായുള്ള ബന്ധം നഷ്ടപ്പെടാതിരിക്കാൻ നീ പരിശ്രമിക്കുന്നപോലെ കർത്താവുമായി ബന്ധപ്പെട്ടു നിലകൊള്ളുന്നുവെന്ന് നീ ഉറപ്പു വരുത്തണം. അതിന്റെയർത്ഥം സംഭാഷണം നിർത്താൻ പാടില്ല എന്നാണ്. അവിടുത്തെ ശ്രവിച്ചുകൊണ്ടിരിക്കണം. ജീവിതം അവനുമായി പങ്കിടണം. എന്തുചെയ്യണമെന്ന് ഉറപ്പില്ലാത്തപ്പോൾ അവനോട് ചോദിക്കണം എന്റെ സ്ഥാനത്ത് നീയായിരുന്നുവെങ്കിൽ നീ എന്തു ചെയ്തേനെയെന്ന് .# 168
6. നിങ്ങൾ ഓരോ ദിവസവും പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുക. നിങ്ങളുടെ ജീവിതത്തിനു മാറ്റം വരുത്താനും അതിൽ പ്രകാശം നിറക്കാനും കൂടുതൽ നല്ല വഴിയിലൂടെ നയിക്കാനും അവിടുത്തേക്ക് കഴിയും. അവിടുന്ന് നിങ്ങളിൽ നിന്നും ഒന്നും എടുത്തുകളയുന്നില്ല. പകരം നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം കണ്ടെത്താൻ ഏറ്റവും നല്ല രീതിയിൽ സഹായിക്കുന്നു. .# 131
7. സഭയുടെ യുവത്വം സൂക്ഷിക്കാൻ സഹായിക്കുന്നതിന് യുവജനത്തിനു കഴിയും. അവൾ മലിനയാകുന്നതു തടയാൻ, അവളെ

മുന്നോട്ടു നയിക്കാൻ, അഹങ്കാരവും വിഭാഗീയ ചിന്തയും തടയാൻ കൂടുതൽ ദരിദ്രയാകാനും കൂടുതൽ നല്ല സാക്ഷ്യം നൽകാനും, ദരിദ്രരുടെയും സമുദായ ഭ്രഷ്ടരുടെയും ഭാഗത്തു നില്ക്കാനും, നീതിക്കുവേണ്ടി പടപൊരുതാനും, വെല്ലുവിളിക്കപ്പെടാൻ വിനയത്തോടെ സ്വയം അനുവദിക്കാനും സഹായിക്കാൻ കഴിയും. പുതിയ തുടക്കങ്ങളിൽ സന്തോഷിക്കാനും, പരിധിയില്ലാതെ സ്വയം സമർപ്പിക്കാനും നവീകരിക്കപ്പെടാനും കൂടുതൽ വലിയ നേട്ടങ്ങൾക്കായി പുറപ്പെടാനും സഭയ്ക്കുള്ള കഴിവിനെ നവീകരിച്ചുകൊണ്ട് സഭയ്ക്ക് യൗവനത്തിന്റെ സൗന്ദര്യം നൽകാൻ യുവജനത്തിനു കഴിയും. #37

8. തങ്ങളുടെ ജീവിത പ്രതിജ്ഞയോടും ദൈവവിളിയോടും വിശ്വസ്തരായിരിക്കാൻ വൈദികരെ സഹായിക്കുക. ഒരു വൈദികൻ തന്റെ ശുശ്രൂഷയുടെ സന്തോഷം നഷ്ടപ്പെട്ട്, മറ്റു സുഖങ്ങൾ അന്വേഷിച്ച് തെറ്റായ പാത തിരഞ്ഞെടുക്കുന്നു എന്നു കണ്ടാൽ ദൈവത്തോടും ദൈവജനത്തോടുമുള്ള തന്റെ സമർപ്പണത്തെയും സുവിശേഷത്തെയും ബോധ്യപ്പെടുത്തി ശരിയായ പാതയിലൂടെ ചരിക്കാൻ പ്രേരിപ്പിക്കുക. # 100
9. പ്രിയ യുവജനങ്ങളെ നിങ്ങളുടെ യൗവനത്തിന്റെ ഈ വർഷങ്ങൾ അങ്ങേയറ്റം ഉപയോഗപ്രദമാക്കുക. വെറും കാഴ്ചക്കാരനായി ജീവിതത്തിൽ നിന്നും മാറി നില്ക്കരുത്. സ്വതന്ത്രമായി സ്വപ്നം കാണുകയും നല്ല തീരുമാനങ്ങളെടുത്തു ജീവിതത്തിൽ മുന്നേറുകയും ചെയ്യുക. # 143 . ജീവിക്കുക. ഏറ്റം നല്ല ജീവിതത്തിനു നിങ്ങളെത്തന്നെ വിട്ടുകൊടുക്കുക. കൂടിന്റെ വാതിൽ തുറക്കുക. പുറത്തിറങ്ങി പറക്കുക. ദയവായി അകാല റിട്ടയർമെന്റ് സ്വീകരിക്കാതിരിക്കുക. # 143
10. കണ്ണു തുറന്നു നോക്കാനും ജീവിതത്തിന്റെ ഓരോ ചെറിയ ദാനത്തെയും പൂർണ്ണമായും നന്ദിയോടെയും അനുഭവിക്കാൻ ശ്രദ്ധിക്കുക. # 146
11. ഒരു യുവാവിൽ ഞാൻ കാണുന്നത്, സ്വന്തം വഴി തേടുന്ന ഒരാളെ, രണ്ടു പാദങ്ങളിൽ പറക്കാൻ ആഗ്രഹിക്കുന്നവനെ, സ്വപ്നം നിറഞ്ഞ, ഭാവി നിറഞ്ഞ കണ്ണുകൾകൊണ്ട് ലോകത്തെ നേരിടുകയും ചക്രവാളത്തെ നോക്കുകയും ചെയ്യുന്ന ഒരാളെ. # 139
12. മറ്റുള്ളവരുടെ ദുരിതങ്ങളിൽ കരയാനുള്ള കൃപയ്ക്കായി കർത്താവിനോടു പ്രാർത്ഥിക്കുക. ഒരിക്കൽ കരയാൻ കഴിഞ്ഞാൽ, ഹൃദയപൂർവ്വം മറ്റുള്ളവരെ സഹായിക്കാൻ നിങ്ങൾക്കു സാധിക്കും. # 76
13. വർത്തമാനകാലത്തിൽ വേരുറപ്പിച്ചു നില്ക്കുക. ഇവിടെ നിന്ന് ഭൂതകാലത്തെ വീണ്ടും സന്ദർശിക്കുകയും ഭാവിയിലേക്ക് പ്രത്യാശയോടെ ഉറ്റു നോക്കുകയും ചെയ്യുക. # 199
14. നീ നീയാവുക. ആരുടെയും ഫോട്ടോക്കോപ്പിയാകരുത്. നീ ആരാണെന്ന് നീ കണ്ടു പിടിക്കണം. മറ്റുള്ളവർ എന്തു പറഞ്ഞാലും

ചിന്തിച്ചാലും വിശുദ്ധനാകാനുള്ള സ്വന്തം വഴി കണ്ടുപിടിക്കണം. ഒരു വിശുദ്ധനായി തീരുക എന്നതിന്റെ അർത്ഥം നീ കൂടുതൽ പൂർണ്ണമായി നീ തന്നെ ആയി തീരുക എന്നതാണ്. സ്വപ്നം കാണാനും സൃഷ്ടിക്കാനും കർത്താവാഗ്രഹിച്ചതെന്തോ അത് നീ ആയിത്തീരണം. # 102

15. യുവജനങ്ങളെ, കർത്താവിന്റെ വാത്സല്യഭാജനങ്ങളേ, നിങ്ങൾ ക്രിസ്തുവിന്റെ അമൂല്യരക്തത്താൽ രക്ഷിക്കപ്പെടുന്നവരാണെങ്കിൽ എത്രയോ മൂല്യമുള്ളവരാണ്. പ്രിയ യുവജനമേ നിങ്ങൾ അമൂല്യ രാണ്. നിങ്ങൾ വിൽക്കപ്പെടാനുള്ളവരല്ല. നിങ്ങൾ വഞ്ചിക്കപ്പെടാൻ അനുവദിക്കരുത്. വശീകരിക്കപ്പെടാൻ അനുവദിക്കരുത്. നിങ്ങൾ അടിമകളാക്കപ്പെടരുത്. നിങ്ങൾ പരാജയപ്പെടാനുള്ളവരല്ല, നിങ്ങൾ അമൂല്യരാണ് # 122

യുവജനങ്ങൾക്കുവേണ്ടിയുള്ള അപ്പോസ്തലിക പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ യുവജനങ്ങളെ പ്രചോദിപ്പിക്കാനും, പ്രോത്സാ ഹിപ്പിക്കാനും വളർത്താനും വഴി നടത്താനും ഉപയുക്തമായ അനേകം നല്ല നല്ല ആഹ്വാനങ്ങൾ നൽകുന്നുണ്ട്. അവയിൽ നിന്ന് ശ്രദ്ധേയമായ ചില ആഹ്വാനങ്ങളാണ് ഇവിടെ അവതരിപ്പിച്ചത്. ദൈവവുമായും മനുഷ്യരുമായും പ്രപഞ്ചവുമായും ജീവിതവുമായും സ്വർഗ്ഗവുമായി നല്ല ബന്ധത്തിലാവുക. ഇന്നലെയിൽ കുടുങ്ങിക്കി ടക്കാതെ, എന്നാൽ അവിടെ നിന്ന് പാഠങ്ങൾ പഠിച്ച്, നാളെയി ലേക്ക് ഒളിഞ്ഞുപോകാതെ, എന്നാൽ ഭാവിയെ സ്വപ്നത്തോടും പ്രത്യാശയോടും കൂടെ നോക്കിക്കണ്ട് ഇന്നിനെ അതിന്റെ തിക വിൽ ജീവിച്ചു ജീവിതം അർത്ഥപൂർണ്ണവും സന്തുഷ്ടവുമാക്കുക. എന്ന് പാപ്പ ആഹ്വാനം ചെയ്യുന്നു.

---

## പരേതരെ സ്മരിക്കാം – ആഗസ്റ്റ്

| | |
|---|---|
| 01. (2004) | Fr.Abraham Nilappana |
| 01. (2016) | Fr.Abraham Panamkatt |
| 03. (1998) | Fr.Joseph Kochuparambil |
| 07. (2011) | Archbishop Cornelius Elanjickal |
| 13. (2004) | Fr. Wales Joseph Panachithara |
| 15. (1998) | Fr. Abraham Pouvath |
| 16. (1981) | Fr.Sebastian Onamkulam |
| 21. (1973) | Fr.Thomas Kalloorveedan |
| 23. (1973) | Fr.Joseph Venatt |

ലേഖനം

# യഥാർത്ഥത്തിൽ സ്വതന്ത്രരാണോ...

സി. മേരി ജോസ്ന DIH

**ഭാ**രതം സ്വതന്ത്രരാജ്യമായതിന്റെ 72-ാം വാർഷികവും പരിശുദ്ധ കന്യകാമറിയം ഈ ലോക ജീവിതത്തിൽ നിന്ന് സ്വതന്ത്രയായി സ്വർഗ്ഗത്തിലേക്ക് ആരോപിതയായതിന്റെ തിരുനാളും നമ്മെ അനുസ്മരിപ്പിക്കുന്നത് യഥാർത്ഥത്തിൽ സ്വതന്ത്രരായി ജീവിക്കാനാണ്. സ്വതന്ത്ര ഇന്ത്യയെ സ്വപ്നം കണ്ട് അതിനായി പ്രയത്നിച്ച ധീരരായ മഹാത്മക്കളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ ഇന്നും ഭാരത ജനതയ്ക്ക് മാതൃകയാണ്. 1947 ഓഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യം നേടിയ ഇന്ത്യയെ ബ്രിട്ടീഷ് അടിമത്തത്തിൽ നിന്ന് മോചിപ്പിച്ച് വെള്ളക്കാരെ അവരുടെ ദേശത്തേക്ക് തുരത്തിയപ്പോൾ ഭാരതം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ചേലചുറ്റി ഹർഷപുളകിതയായി നിലകൊണ്ടു. അന്നത്തെ ജനത അനുഭവിച്ച സ്വാതന്ത്ര്യവും സമാധാനവും ഈ കാലഘട്ടത്തിന്റെ ജനതയ്ക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിചിന്തനം ചെയ്യാൻ സമയമായിരിക്കുന്നു. അവനവന്റെ ലോകത്തിലേക്ക് ചുരുങ്ങി നവമാധ്യമങ്ങളുടെ ലോകത്തിൽ മാത്രം സഞ്ചരിക്കുന്ന ഓരോരുത്തരും യഥാർത്ഥത്തിൽ സ്വതന്ത്രമനുഭവിക്കുന്നവരാണോ? ഇത്തരുണത്തിൽ ഡൊമിനിക്ക് ലക്കോർഡയറിന്റെ വാക്കുകൾ ഓർക്കുന്നത് നന്നായിരിക്കും. സ്വതന്ത്രനായിരിക്കുകയെന്നത് സ്വസ്ഥതയുണ്ടായിരിക്കുക എന്നതാണ്.

സ്വന്തം തീരുമാനപ്രകാരം പ്രവർത്തിക്കുവാൻ കഴിയുന്നതിന് ദൈവം തരുന്ന ദാനമാണ് സ്വാതന്ത്ര്യം. മനുഷ്യർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്ന് ദൈവം അഭിലഷിക്കുന്നു. പൂർണ്ണഹൃദയത്തോടെ നന്മയെ, അതായത് വലിയ നന്മയായ ദൈവത്തെ തിരഞ്ഞെടുക്കുവാൻ തീരുമാനിക്കുന്നതിനു വേണ്ടിയാണത്. നന്മയോട് എപ്പോഴും അതേയെന്ന് പറയാൻ കഴിയുമ്പോൾ മനുഷ്യൻ ഏറ്റവും സ്വാതന്ത്ര്യമുള്ളവനാണ്. നാം എത്ര കൂടുതൽ നന്മചെയ്യുന്നുവോ അത്ര കൂടുതൽ സ്വതന്ത്രരായിരിക്കും. ഈ കാലഘട്ടത്തിൽ അപരന്റെ നന്മ ആഗ്രഹിക്കുന്നത് വളരെ വിരളമാണ്. അപരന്റെ സ്വാതന്ത്ര്യത്തെ നാം മാനിച്ചില്ലെങ്കിൽ അപരന്റെ മഹത്വത്തെ നാം ലംഘിക്കുകയാണ് ചെയ്യുന്നത്. ഒരു പൗരന്റെ സ്വാതന്ത്ര്യം മറ്റൊരു പൗരന്റെ സ്വാതന്ത്ര്യത്തിന്റെ പരിധിയാണ്. രാഷ്ട്രത്തിന്റെ മർമ്മപ്രധാനമായ കടമകളിൽ ഒരെണ്ണം എല്ലാ പൗരന്മാരുടെയും സ്വതന്ത്ര്യം കാത്തുസൂക്ഷിക്കുക എന്നതാണ്.

കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം 1747-ാം ഖണ്ഡികയിൽ പറയുന്നു “സ്വതന്ത്ര്യം വിനിയോഗിക്കാനുള്ള അവകാശം പ്രത്യേകിച്ച് മതപരവും ധാർമ്മികവുമായ കാര്യങ്ങളിൽ മനുഷ്യമാഹാത്മ്യത്തിന്റെ

അവിഭാജ്യഘടകമാണ്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ വിനിയോഗത്തിൽ എല്ലാം പറയാനും എല്ലാം ചെയ്യാനുമുള്ള സാങ്കല്പിക അവകാശം ഉൾപ്പെടുന്നില്ല." ഈ കാലയളവിൽ 'അവനവന്റെ' താത്പര്യങ്ങൾ സംരക്ഷിക്കാൻ ഒരോരുത്തരും വെമ്പൽ കൊള്ളുന്നു. ദൈവമക്കളായ നാമോരോരുത്തരും ദൈവത്തിന്റെ 'മകന്റെ' അഥവാ 'മകളുടെ' സ്വാതന്ത്ര്യത്തിന്റെ തലത്തിലേക്ക് വളരുമ്പോൾ 'എന്റേ'തെല്ലാം 'നിന്റേ'തായി മാറും. ഒരു വിധത്തിൽ 'സ്വാർത്ഥത'യിൽ നിന്നുള്ള മോചനമാണ് 'സ്വാതന്ത്ര്യം.'

ലോകരക്ഷകനായ ക്രിസ്തു തന്റെ മഹത്വപൂർണമായ കുരിശുമരണം വഴി എല്ലാ മനുഷ്യരുടെയും രക്ഷനേടി. മാനവരെ അടിമത്തത്തിൽ പിടിച്ചു നിർത്തിയിരുന്ന പാപത്തിൽ നിന്ന് അവിടുന്ന് വീണ്ടെടുത്തു. ഈ സ്വാതന്ത്ര്യത്താൽ ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. അതിനാൽ ക്രിസ്തു നൽകുന്ന യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കാൻ നമുക്ക് സാധിക്കണം. സഭയിലും ലോകത്തിലും തന്റെ പ്രവർത്തനത്തിൽ സ്വതന്ത്രപ്രവർത്തരാകാൻ കൃപാവരത്തിന്റെ പ്രവർത്തനം വഴി പരിശുദ്ധാത്മാവ് നമ്മെ അധ്യാത്മിക സ്വാതന്ത്ര്യത്തിൽ പരിശീലിപ്പിക്കുന്നു. പൗലോസ് അപ്പസ്തോലൻ പഠിപ്പിക്കുന്നതുപോലെ കർത്താവിന്റെ ആത്മാവ് എവിടെയുണ്ടോ അവിടെ സ്വാതന്ത്ര്യമുണ്ട്.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളും ഈയൊരു സ്വാതന്ത്ര്യത്തിലേക്ക് നമ്മെ ക്ഷണിക്കുന്നുണ്ട്. ദൈവത്തിന്റെ ഭവനമായ സ്വർഗ്ഗം ദൈവമക്കൾ ഓരോരുത്തരും സ്വന്തമാക്കുവാനും പരിശുദ്ധാത്മാവിന്റെ കൃപയിൽ വളർന്ന് ദൈവപുത്രനൊപ്പം നമുക്കുള്ള അവകാശങ്ങൾ സ്വന്തമാക്കുവാനും ലോകത്തിന്റെതെങ്കിലും ലോകത്തിന്റേതല്ലാതായി ജീവിക്കാനും നമുക്ക് പരിശ്രമിക്കാം.

സ്വതന്ത്രഭാരതത്തിൽ യഥാർത്ഥമായ നന്മയുടെയും നീതിയുടെയും ശുശ്രൂഷയിൽ നടന്നു നീങ്ങുവാൻ, അപരന്റെ നന്മ ആഗ്രഹിക്കുവാൻ യഥാർത്ഥത്തിൽ സ്വാതന്ത്ര്യമുള്ളവരായിത്തീരുവാൻ നമുക്ക് കഴിയണം. സ്നേഹവും സമാധാനവും സ്വാതന്ത്ര്യവും അനുഭവിക്കുവാൻ ഇന്ത്യൻ ജനത ലോകത്തിലെ മറ്റേത് ജനതയ്ക്കും മാതൃകയാകട്ടെ.



സമ്പൂർണ്ണ വിജയപുരദൂത് ഇടവകയായ ചാത്തൻതറ
സെന്റ് സെബാസ്റ്റ്യൻസ് ഇടവക സെക്രട്ടറി വിജയപുര ദൂത് ഏറ്റുവാങ്ങുന്നു.

# ഇടവക വാർത്തകൾ

## പള്ളിവാസൽ സെന്റ്.ആൻസ് ദേവാലയത്തിൽ മരിയ ഗൊരേത്തി ദിനവും നല്ല സമറായൻ ദിനവും ആചരിച്ചു



പള്ളിവാസൽ സെന്റ് ആൻസ് ദേവാലയത്തിലെ മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ ജൂലൈ 7-ന് മരിയ ഗൊരേത്തി ദിനം ആചരിച്ചു. മതബോധന വിദ്യാർഥിനികളിൽ ചിലർ വിശുദ്ധയുടെ വേഷം ധരിച്ചാണ് വിശുദ്ധ ബലിയിൽ പങ്കെടുത്തത്. മരിയ ഗൊരേത്തിയുടെ വേഷം ധരിച്ച കുട്ടികളിൽ ഒരാൾ തന്നെയാണ് ദിവ്യബലിക്ക് ആമുഖം വായിച്ചതും. അങ്ങനെ വി.മരിയ ഗൊരേത്തിയുടെ രൂപം കുട്ടികളുടെ മനസ്സിൽ പതിയുന്നതിന് ഇത് ഏറെ സഹായകരമായി. മതബോധനത്തിനുശേഷം വിദ്യാർഥികളുടെ നാലു ഗ്രൂപ്പുകൾ വിശുദ്ധയുടെ ജീവചരിത്രം പ്രസംഗം, സ്കിറ്റ്, അഭിമുഖം, ജീവചരിത്രക്കുറിപ്പ് എന്നീ രീതികളിൽ അവതരിപ്പിക്കുകയും ചെയ്തു.

ജൂലൈ 14 നല്ല സമറായൻ ദിനമായി ആചരിച്ചു. നല്ല സമറായൻ എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾ ചിത്രരചന നടത്തി. മതബോധന വിദ്യാർഥികളും അധ്യാപകരും ചേർന്ന് പള്ളിയുടെ പരിസരവും നടപ്പാതയും വൃത്തിയാക്കി. അധ്യാപകർ ചേർന്ന് ഉച്ചഭക്ഷണമൊരുക്കുകയും എല്ലാവരും അതിൽ പങ്കുചേരുകയും ചെയ്തു. മറ്റുള്ളവർക്കുവേണ്ടി എന്റെ കഴിവും സമയവും വിനിയോഗിക്കണമെന്ന പാഠം അതിലൂടെ കുട്ടികൾക്കു ലഭിച്ചു.

## മരിയ ഗൊരേത്തി ദിനം– സെന്റ് ജോസഫ് ദൈവാലയം പ്രൊപ്പോസ്



മരിയ ഗൊരേത്തി ദിനത്തിന്റെ ഭാഗമായി മതബോധന വിഭാഗം കുട്ടികൾക്ക് തിരുബാലസഖ്യം ആനിമേറ്റർ ലിസി വിശുദ്ധിയെകുറിച്ച് ക്ലാസ് എടുക്കുകയും സ്കൂൾ ലീഡർ കുമാരി ജോമരിയ ജോബിൻ വിശുദ്ധരുടെ ജീവചരിത്രം വായിക്കുകയും, മിഷൻ ലീഗ് ആനിമേറ്റർ മിസ്റ്റർ റിജോ ജേസ് ഡോക്യുമെന്ററി പ്രദർശനം നടത്തുകയും ചെയ്തു.

## നല്ല സമറായൻ ദിനം– സെന്റ് ജോസഫ് ദൈവാലയം പ്രൊപ്പോസ്



നല്ല സമറായൻ ദിനത്തിൽ കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് നല്ല സമരായന്റെ ഉപമ സ്കിറ്റ് ആയി അവതരിപ്പിച്ചു. ഏറ്റവും നല്ല സ്കിറ്റിന് സമ്മാനം നൽകുകയും ചെയ്തു. അതോടൊപ്പം കുട്ടികൾ ശേഖരിച്ച തുക ഇടവകയിലെ രോഗിയായ ഒരു വ്യക്തിയുടെ ചികിത്സക്കായി കൈമാറുകയും ചെയ്തു,



**പട്ടിത്താനം:** നല്ല സമരായദിനത്തോട നുബ ന്ധിച്ച് പട്ടിത്താനം മതബോധന യൂണീററ് മജ്ജമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന ശിശുവിന് വേണ്ടി ധനസമാഹരണം നടത്തി. നീയും പോയി അതുപോലെ ചെയ്യുക എന്ന ഈശോ നാഥന്റെ വാക്കുകൾ ഹൃദയത്തി ലേറ്റിയ ഇടവക മക്കൾ കൈയും മനസ്സും ഒന്നിച്ചു നീട്ടിയപ്പോൾ 22000-ൽ പരം രൂപ സ്വരൂപിക്കാൻ സാധിച്ചു.വേറിട്ട ചിന്ത യോടെ നല്ലസമരായദിനത്തെ മാറ്റാൻ സഹായിച്ചത് യൂണിററ് ഡയറക്ടർ സ്ററീഫനച്ചനാണ്.

## മുണ്ടക്കയം സെന്റ് മേരീസ്



മുണ്ടക്കയം സെന്റ് മേരീസ് മതബോധന യൂണിറ്റിന്റെ നേതൃത്വത്തിൽ നല്ല സമരായൻ ദിനാഘോഷം നടത്തി. കുട്ടികൾ അധ്യാപകരോട് ചേർന്ന് മുണ്ടക്കയത്തുള്ള ആകാശ പറവകൾ, മരിയ ഭവൻ എന്നീ അഗതിമന്ദിരങ്ങൾ സന്ദർശിക്കുകയും ഒന്നിച്ച് പ്രാർത്ഥിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും, ഭക്ഷണപദാർത്ഥങ്ങളും അവർക്ക് ആവശ്യമായ നിത്യോപയോഗ സമഗ്രികളും നൽകുകയും ചെയ്തു. തിരുബാലസംഖ്യത്തിലെയും മിഷൻ ലീഗിലെയും കുട്ടികളാണ് ഇതിന് നേതൃത്വം നൽകിയത്.



ജൂലൈ 14 'നല്ല സമറായിൻ ദിനം' ഈ ദിനത്തോട് അനുബന്ധിച്ചു പൊതി സൺഡേ സ്കൂൾ വിദ്യാർത്ഥികളും അദ്ധ്യാപകരും പൊതി പിയാത്ത ഭവനിലെ അന്തേവാസികളെ സന്ദർശിച്ചപ്പോൾ.

## അമയന്നൂർ തിരുഹൃദയ ദൈവാലയത്തിൽ ഈശോയുടെ തിരുഹൃദയ തിരുനാൾ



അമയന്നൂർ തിരുഹൃദയ ഇടവക ദൈവാലയത്തിൽ ഈശോയുടെ തിരുഹൃദയ തിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ചു. മതബോധന വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 2019 ജൂൺ 28,29,30 തീയതികളിൽ തിരുനാൾ തിരുക്കർമ്മങ്ങൾ നടത്തപ്പെട്ടു. 28-06-19 വെള്ളി വൈകുന്നേരം 5 മണിക്ക് ഇടവക വികാരി റവ.ഫാ. ഫ്രാൻസിസ് കമ്പോളത്തുപറമ്പിൽ കൊടിയേറ്റ് നിർവ്വഹിച്ചു. രൂപത മതബോധന ഡയറക്ടർ റവ.ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട് ദിവ്യബലി അർപ്പിച്ചു. ശനി രാവിലെ 7.30 മുതൽ വൈകുന്നേരം 5.30 വരെ മതബോധന വിദ്യാർത്ഥികളുടെയും കുടുംബക്കൂട്ടായ്മകളുടെയും നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു. റവ.ഫാ. തോമസ് സജി ഒ.എസ്.ജെ. ദിവ്യബലി അർപ്പിച്ചു. ഞായർ ആഘോഷമായ തിരുനാൾ ദിവ്യബലിക്ക് റവ.ഫാ. ജിറ്റോ ആന്റണി CFIC മുഖ്യകാർമ്മികത്വം വഹിച്ചു. തിരുനാൾ പ്രദക്ഷിണവും തുടർന്ന് സ്നേഹവിരുന്നും നടത്തി. തിരുനാൾ കമ്മറ്റി കൺവീനർമാരായ ജിത്തു മാത്യു, ആൻമരിയ എന്നിവരുടെ നേതൃത്വത്തിൽ മതബോധനവിദ്യാർത്ഥികളെല്ലാവരും പങ്കെടുത്തു.

## അഭിനന്ദനങ്ങൾ



റാന്നി ലിറ്റിൽ ഫ്ളവർ ഇടവകാംഗമായ വെമ്പേലിൽ കിഴക്കേതിൽ ഹന്ന സിസ്സി ഷാജി എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി.



ഡോ. ലിഡിയ തോമസ് തണ്ണിക്കോട് MDS. ഒന്നാം റാങ്ക്, K.L.E ഡീംഡ് യൂണിവേഴ്സിറ്റി ബൽഗാവ്(കർണ്ണാടക) കോഴിപ്പിള്ളി ലിറ്റിൽ ഫ്ളവർ ഇടവകാംഗം.

## PTA/ MPTA തിരഞ്ഞെടുപ്പ്- കുറുമുള്ളൂർ



യൂണിറ്റ് ഡയറക്ടർ റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിയുടെ നേതൃത്വത്തിൽ പി.റ്റി.എ. പൊതുയോഗം നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ സൺഡേസ്കൂൾ എച്ച്.എം. ശ്രീമതി റോസമ്മ ജോണി സ്വാഗതം അർപ്പിച്ചു. തുടർന്ന് വികാരിയച്ചൻ അദ്ധ്യക്ഷപ്രസംഗം നടത്തി. മുൻ പി.റ്റി.എ. കൺവീനർ ആശംസയർപ്പിച്ചു. തുടർന്ന് ചർച്ചയിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള തീരുമാനം എടുത്തു. തുടർന്ന് PTA/MPTA ഭാരവാഹികളെ തിരഞ്ഞെടുത്തു. പി.റ്റി.എ. കൺവീനർ ശ്രീമതി രജനി ബിജു, ജോയിന്റ് കൺവീനർ ശ്രീമതി ജെസി സാബു, എം.പി.റ്റി.എ. കൺവീനർ ശ്രീമതി സോണിയ ജോഷി. നിയുക്ത പി.റ്റി.എ. കൺവീനർ ശ്രീമതി രജനി ബിജു നന്ദിയർപ്പിച്ചു.

# നല്ല സമറായൻ ദിനം - കുറുമുള്ളൂർ

ആവശ്യത്തിൽ ഇരിക്കുന്നവർ ആരോ അവരാകുന്നു നമ്മുടെ അയൽക്കാർ എന്ന സന്ദേശം ഉൾക്കൊണ്ട് നല്ല സമറായൻ ദിനം സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ 14-7-19-ൽ ആചരിച്ചു. അന്നേ ദിവസത്തെ ദിവ്യബലിക്ക് ശേഷം ഈ ദിനത്തിന്റെ മഹാത്മ്യം വ്യക്തമാക്കുന്ന സ്കിറ്റ് കുട്ടികൾ അവതരിപ്പിച്ചു. സൺഡേ ക്ലാസുകൾക്ക് ശേഷം +1, +2, ഡിഗ്രി ക്ലാസുകളിലെ കുട്ടികളും അദ്ധ്യാപകരും വികാരിയച്ചന്റെ നേതൃത്വത്തിൽ മേമുറി, മാനസികരോഗികളെ ശുശ്രൂഷിക്കുന്ന ആശാഭവൻ സന്ദർശിച്ചു. ആശാഭവൻ കമ്മറ്റി അംഗങ്ങളായ ശ്രീ. തോമസ്, ശ്രീ. മാമ്മച്ചൻ എന്നിവർ ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്തു. അവിടുത്തെ അന്തേവാസികൾക്ക് നൽകുന്നതിനായി കുട്ടികൾ ശേഖരിച്ച നിത്യോപയോഗ വസ്തുക്കൾ സന്തോ



ഷപൂർവ്വം വിതരണം ചെയ്തു. വികാരിയച്ചൻ അവർക്കായി നല്ല സമറായൻ ദിന സന്ദേശം നൽകി. കുട്ടികൾ അവരുടെ സന്തോഷത്തിലും ദുഃഖത്തിലും പങ്കുചേർന്ന് കൊണ്ട് വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. കൂടാതെ തങ്ങളുടെ സന്തോഷം തിരിച്ചറിയിക്കും വിധം അവിടുത്തെ അന്തേവാസികൾ കലാപരിപാടികൾ അവതരിപ്പിച്ചു. ഏകദേശം രണ്ട് മണിക്കൂറോളം അവരോടൊപ്പം ചെലവഴിച്ചശേഷം വികാരിയച്ചന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടുംകൂടി ഏവരും പിരിഞ്ഞു. മറ്റുള്ളവരുടെ ആവശ്യം കണ്ടറിഞ്ഞ് പ്രവർത്തിക്കാനുള്ള മനോഭാവം വളർത്തിയെടുക്കുവാൻ ഈ ഒരു സന്ദർശനം കുട്ടികൾക്ക് ഉപകരിച്ചു.

---

## നല്ല സമരിയാൻദിനം– ഏന്തയാർ



ഏന്തയാർ സെന്റ് ജോസഫ് ചർച്ചിൽ നല്ല സമറായൻദിനം ആചരിച്ചു. ബഹുമാനപ്പെട്ട വികാരി ഫാ. ജോർജ്ജ് കളീക്കൽ ദിനാചരണ സന്ദേശം നൽകി. ഇന്നേ ദിവസത്തെ മതബോധന ക്ലാസിനുശേഷം ബഹുമാനപ്പെട്ട വികാരിയച്ചന്റെ നിർദ്ദേശപ്രകാരം മതാദ്ധ്യാപകരും കുട്ടികളും രോഗാവസ്ഥയിൽ കഴിയുന്നവരുടെ വീടുകൾ സന്ദർശിക്കുകയും അവർക്ക് കേക്കും സമ്മാനങ്ങളും നൽകുകയും അവരുടെ വിശേഷങ്ങളിലും സുഖദുഃഖങ്ങളിലും പങ്കുകാരാകുകയും ചെയ്തു. ഈ ദിനാചരണത്തിലൂടെ അശരണരെ സഹായിക്കുന്നതിനുള്ള മനസ്സ് കുട്ടികൾക്ക് നേടിയെടുക്കുവാൻ കഴിഞ്ഞു.

# സംഘടനാവാർത്തകൾ



KCYM കുട്ടിക്കാനം യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ യുവജനദിനാഘോഷവും സമാധാന നടത്തവും

## സെന്റ് പീറ്റേഴ്സ് കുമരകം



കുമരകം സെന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ തിരുബാലസഖ്യം കുട്ടികൾക്ക് രൂപതയിൽ നിന്നും നൽകപ്പെട്ട ബാഗുകൾ വിതരണം ചെയ്തു.

## വിൻസെന്റ് ഡി പോൾ



സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി-പോൾ മുണ്ടക്കയം ഏരിയാ കൗൺസിലിന്റെ 39-ാമത് വാർഷികം ഏന്തയാർ സെന്റ് ജോസഫ്സ് ഇടവയിൽ വച്ച് 9-6-2019-ൽ ആഘോഷിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഇടവക വികാരി റവ.ഫാ. ജോർജ്ജ് കളിയിക്കലിന്റെ കാർമ്മികത്വത്തിൽ 9ന് ദിവ്യബലിയും തുടർന്ന് 10.30ന് വാർഷീക സമ്മേളനവും നടത്തുകയുണ്ടായി. വാർഷിക സമ്മേളനം റവ.ഫാ. ജോർജ്ജ് കളിയിക്കൽ ഉദ്ഘാടനം ചെയ്തു. മുണ്ടക്കയം ഏരിയ കൗൺസിൽ പ്രസിഡന്റ് അദ്ധ്യക്ഷനായിരുന്നു. വിജയപുരം സി.സി. പ്രസിഡന്റ് ബ്ര. മൈക്കിൾ ഡിക്രൂസ് മുഖ്യപ്രഭാഷണം നടത്തി. ഏന്തയാർ ശാന്തിനിലയം മദർ സുപ്പീരിയർ റവ.സി. മറിയ ആൻസും ഇടവക സെക്രട്ടറി ശ്രീ. ഇഗ്നേഷ്യസ് കൂമപ്പള്ളിയും ആശംസകളർപ്പിച്ചു. 39-ാമത് വാർഷികത്തിന് മാറ്റുകൂട്ടിക്കൊണ്ട് അമയന്നൂർ ജ്യോതിർ ഭവൻ മാനേജിംഗ് ട്രസ്റ്റിയും വിജയപുരം സി. സി.യുടെ വനിതാ പ്രതിനിധിയുമായ സി. ലൈലാമ്മ ജോണിനെ ആദരിച്ചു. സി. ശ്രീജ പ്രാരംഭ പ്രാർത്ഥനയും, ബ്ര. ചാക്കോ ജോസഫ് ജ്ഞാനവായനയും സി. അന്നമ്മ മാത്യു സ്വാഗതവും നടത്തി. ഏരിയാ സെക്രട്ടറി സി. റാണിലൂയിസ് റിപ്പോർട്ടും ബ്ര. അലക്സ് ഓടത്തിൽ വാർഷിക കണക്കും അവതരിപ്പിച്ചു. ബ്ര. ജിൻസ് കൃതജ്ഞതയും, സി. ഷീനാ ജോർജ്ജ് സമാപന പ്രാർത്ഥനയും നടത്തി. 12 കോൺഫറൻസുകളിൽ നിന്നും എത്തിയ പ്രവർത്തകരുടെ പങ്കാളിത്തം വലിയൊരു അനുഭവമായിരുന്നു. ഉച്ചയ്ക്ക് ഒരു മണിക്കുള്ള സ്നേഹവിരുന്നോടുകൂടി വാർഷീക സമ്മേളനം സമാപിച്ചു.

## CML തിരുബാലസഖ്യം ഉദ്ഘാടനം

കുറുമുള്ളൂർ സെന്റ് മേരീസ് ദൈവാലയത്തിൽ സി.എം.എൽ., തിരുബാലസഖ്യം എന്നിവയുടെ ഉദ്ഘാടനം നടത്തപ്പെട്ടു. റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി ലൂസി ജോസ് ഏവർക്കും സ്വാഗതം ആശംസിച്ചു. ഓരോ ദൈവ



പൈതലും എങ്ങനെ ജീവിക്കണമെന്നും ഈശോയുടെ ജീവിതം മാതൃകയാക്കി വളരണമെന്നുമുള്ള സന്ദേശം നൽകികൊണ്ട് വികാരിയച്ചൻ തിരഞ്ഞെടുക്കപ്പെട്ട സി.എം.എൽ., തിരുബാലസഖ്യ ലീഡേഴ്സിനെ ബാഡ്ജ് ധരിപ്പിച്ച് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. തുടർന്ന് ആന്തം ആലപിച്ചു. മാസ്റ്റർ ജിബിൻ ജോയി യോഗത്തിന് നന്ദി അർപ്പിച്ചു.

## KCYM തിരഞ്ഞെടുപ്പ്



കുറുമുള്ളൂർ സെന്റ് മേരീസ് ഇടവകയിൽ വികാരിയച്ചന്റെ സാന്നിധ്യത്തിൽ കെ.സി.വൈ.എം. തെരഞ്ഞെടുപ്പ് നടത്തി. ജൂലൈ 14 ന് പ്രസിഡന്റ് നിബിൻ എ. മാത്യൂസ് അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ യുവജനങ്ങളുടെ സമൂഹത്തിലെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് ബ്ര. നിഖിൽ ഒ.എഫ്.എം. ക്ലാസ് നയിച്ചു. പുതിയ ഭാരവാഹികൾ . പ്രസിഡന്റ് റോബിൻ ജോർജ്ജ്, വൈസ് പ്രസിഡന്റ് ശാലു സ്റ്റീഫൻ, സെക്രട്ടറി ആൽബർട്ട് ബേബി, ജോയിൻ സെക്രട്ടറി ബിനിത ജെയിംസ്, ഖജാൻജി നിബിൽ എ മാത്യൂസ് കമ്മറ്റി അംഗങ്ങൾ ഷിയോണ ഷൈൻ, അമിഷ അജി, നിതിൻ തങ്കച്ചൻ, ജോയൽ ജോസഫ് എന്നിവരെയും തിരഞ്ഞെടുത്തു. അർച്ച ജോർജ് യോഗത്തിന് നന്ദിയും രേഖപ്പെടുത്തി.

# വി.എസ്.എസ്.എസ്. വാർത്തകൾ

## യാത്രയയപ്പ്



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ അസ്സി. ഡയറക്ടറായി സേവനമനുഷ്ഠിച്ചതിനുശേഷം കാനഡയിൽ ഇടവകശുശ്രൂഷയ്ക്കായി പോകുന്ന ഫാ. ഫെലിക്സ് ദേവസ്യാ പുറത്തേപ്പറമ്പിലിന് വി.എസ്സ്.എസ്സ്.എസ്സ് പ്രവർത്തകർ ഹൃദ്യമായ യാത്രയയ്പ്പും, അസ്സി. ഡയറക്ടറായി ചുമതലയേറ്റ ഫാ.അഗസ്ററിൻ മേച്ചേരിലിന് ഹാർദ്ദമായ വരവേൽപ്പും നൽകി.

ഇതോടനുബന്ഡിച്ച് ഡയറക്ടർ ഫാ.ഡെന്നീസ് ജോസഫ് കണ്ണമാലിലിൻെറ അദ്ധ്യക്ഷതയിൽ കൂടിയയോഗത്തിൽ സൊസൈറ്റിയുടെ സ്നേഹോപഹാരം വികാരിജനറാൾ പെരിയ ബഹു. മോൺ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപ്പറമ്പിൽ ഫെലിക്സച്ചന് കൈമാറി. അസ്സി.ഡയറക്ടറായിരിക്കെ അച്ചൻ ചെയ്ത സേവനങ്ങൾക്ക് നന്ദി പറഞ്ഞ അദ്ദേഹം, പുതിയ ദൗത്യമേറെറടുത്ത അഗസ്റ്റിനച്ചന് എല്ലാ ഭാവുകങ്ങളും നേർന്നു. റവ.സി. സൂസൻ, കെ.പി.ജോൺ, സെബാസ്റ്റ്യൻ മറ്റത്തിൽ, മാത്യൂ ജോസഫ്, പ്രമീല ജോർജ്ജ് എന്നിവർ സംസാരിച്ചു.

**ആശാകിരണം കാൻസർ സാന്ത്വന പദ്ധതിയിലേക്ക് വിവിധ ജനകീയ വികസന സമിതികൾ ശേഖരിച്ച് നൽകിയ തുക**

ചങ്ങനാശ്ശേരി -24100/-    മാരമൺ- 3100/-

# ആശാകിരണം മേഖലായോഗം



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കാൻസർ സാന്ത്വന പദ്ധതിയായ ആശാകിരണത്തിന്റെ മുണ്ടക്കയം മേഖലാ യോഗം പൊടിമറ്റത്ത് നടന്നു. സെക്രട്ടറി ഷൈനി ജോസ് റിപ്പോർട്ട് അവതരിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ പ്രമീല ജോർജ്ജ് പദ്ധതിയെക്കുറിച്ചു വിശദീകരിക്കുകയും, മേഖലയിൽ നിലവിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. എലിക്കുളം ആനിമേറ്റർ ആൻസി തോമസ്സ് നന്ദി രേഖപ്പെടുത്തി

# പുനർനിർമ്മാണം







ഇക്കഴിഞ്ഞ പ്രളയ ദുരന്തത്തിൽ ഭാഗീകമായി തകർന്ന വീടുകൾ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രളയാനന്തര പുനരധിവാസ പദ്ധതി പ്രകാരം പുതുക്കി നിർമ്മിച്ചത്

# വി-ഷെയർ പദ്ധതി

**വരുമാന വർദ്ധക സംരംഭം**




ഓട്ടോറിക്ഷാ
ജെയ്സൺ, വാഴൂർ



കോഴിവളർത്തൽ
എജിലി പീറ്റർ, വേളൂർ

## സന്നദ്ധപ്രവർത്തകയോഗം



ആശാകിരണം മേഖലായോഗം
ഫാ. ജോഷി പുതുപ്പറമ്പിൽ സംസാരിക്കുന്നു.

ആശാകിരണം സന്നദ്ധപ്രവർത്തകരുടെ പട്ടിത്താനം മേഖലാ യോഗം പ്രസിഡന്റ് ഫാ. ജോഷി പുതുപ്പറമ്പിലിൻെറ അദ്ധ്യക്ഷതയിൽ നടന്നു. ആശാകിരണം കോ-ഓർഡിനേറ്റർ പ്രമീല ജോർജ്ജ് പ്രവർത്തന വിലയിരുത്തൽ നടത്തി. സിന്ധു ടോമി സ്വാഗതവും സാബു കുറുമുള്ളൂർ നന്ദിയും പറഞ്ഞു. 27-പേർ പങ്കെടുത്തു.

# കെ.ആർ.എൽ.സി.സി. 34–ാം ജനറൽ അസംബ്ലി

കെ.ആർ.എൽ.സി.സി. 34–ാം ജനറൽ അസംബ്ലി ജൂലൈ 12,13,14 തീയതികളിൽ കൊല്ലം രൂപതയുടെ ആതിഥേയത്വത്തിൽ കൊട്ടിയം ക്രിസ്തുജ്യോതിസ് ആനിമേഷൻ സെന്ററിൽ ചേർന്നു. 'അധികാര പങ്കാളിത്തം നീതി സമൂഹത്തിന്' എന്നതായിരുന്നു മുഖ്യവിഷയം. ജൂലൈ 12ന് രാവിലെ 10.30 ന് ആരംഭിച്ച സമ്മേളനം കേരള സംസ്ഥാന ജലവിഭവമന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. സാമൂഹ്യനിരീക്ഷകൻ ശ്രീ. സണ്ണി കപിക്കാട് മുഖ്യപ്രഭാഷണം നടത്തി. വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിൽ ലത്തീൻ സമുദായത്തിന് നീതിപൂർവ്വകമായ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സമ്മേളനം തീരുമാനിച്ചു. സമുദായത്തിന്റെ രാഷ്ട്രീയ ശക്തീകരണത്തിനും അധികാരവൽക്കരണത്തിനുമായി അടിസ്ഥാന ക്രൈസ്തവ സമൂഹ കൂട്ടായ്മ (ബി.സി.സി.) മുതൽ ഫലപ്രദമായ ഏകോപനം സാധ്യമാക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ഹ്രസ്വകാല കർമ്മപദ്ധതിയും രാഷ്ട്രീയശക്തീകരണത്തിനുള്ള ദീർഘകാല പദ്ധതിയും തയ്യാറാക്കും.

അസംബ്ലിയുടെ ഭാഗമായി സംഘടിപ്പിച്ച ജനപ്രതിനിധികളുടെ സംഗമത്തിൽ രാഷ്ട്രീയഭേദമെന്യെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട മുന്നൂറോളം ലത്തീൻ കത്തോലിക്കർ സംബന്ധിച്ചു. നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ കെ.ആർ.എൽ.സി.സി. യുമായി സഹകരിച്ച് പ്രവർത്തിക്കുമെന്ന് ജനപ്രതിനിധികൾ ഉറപ്പു നൽകി. ഭരണഘടന സംരക്ഷിക്കപ്പെടണം, ദളിത് ക്രൈസ്തവ സംവരണം, സാമ്പത്തിക സംവരണം, തീരസംരക്ഷണം തുടങ്ങി പതിനഞ്ചിന ആവശ്യങ്ങളടങ്ങിയ രാഷ്ട്രീയപ്രമേയം സമ്മേളനം പാസാക്കി.

വിജയപുരം രൂപതയിൽ നിന്നും അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിനോടൊപ്പം, മോൺ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ, റവ. ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട്, ഫാ. ജോസ് കൈതക്കുഴി, ഫാ. നെൽസൺ ജോസഫ് അവരവിള, ശ്രീ. ജോൺസൺ ആന്റണി, ശ്രീ. അർപുതരാജ്, ശ്രീമതി എൽസി ക്രിസ്റ്റഫർ, ശ്രീമതി മേരി മാത്യു എന്നിവർ ത്രിദിന സമ്മേളനത്തിൽ പങ്കെടുത്തു. രൂപതാംഗങ്ങളായ കെ.ആർ. എൽ.സി.സി. അസോസിയേറ്റ് ജനറൽ സെക്രട്ടറി ഫാ. തോമസ് തറയിൽ, കെ.ആർ.എൽ.സി.സി സെക്രട്ടറി സ്മിതാ ബിജോയ്, കമ്മീഷൻ സെക്രട്ടറി ഫാ. ആന്റണി പാട്ടപ്പറമ്പിൽ, സെമിനാരി റെക്ടർ ഫാ. ചാക്കോ പുത്തൻപുരയ്ക്കൽ തുടങ്ങിയവർ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



# അഭിവന്ദ്യ പിതാവിന്റെ
## സെപ്റ്റംബർ മാസ പരിപാടികൾ



| | | | | |
|---|---|---|---|---|
| 05 | വ്യാഴം | 6.30 am | - | അഭിവന്ദ്യ പീറ്റർ തുരുത്തിക്കോണം പിതാവിന്റെ 8-ാം ചരമവാർഷികം. ദിവ്യബലി, വിമലഗിരി കത്തീഡ്രൽ |
| 06 | വെള്ളി | | - | PPD |
| 07 | ശനി | 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| | | 11.30 am | - | ആശീർവാദകർമ്മം, കാരിസ്ഭവൻ, അതിരമ്പുഴ |
| 08 | ഞായർ | 10.00 am | - | തിരുനാൾ ദിവ്യബലി, പട്ടുമല മാതാ തീർത്ഥാടന കേന്ദ്രം. |
| 10 - 30 | | | - | ആദ്ലിമിന സന്ദർശനം, റോം |



മരിയ ഗൊരേത്തി ദിനാഘോഷം, പട്ടിത്താനം



മിഷൻലീഗ്, തിരുബാലസഖ്യ യൂണിറ്റ് ഭാരവാഹികൾ 2019-20 മൂവാറ്റുപുഴ

# സ്മരണാഞ്ജലികൾ

## ആർച്ച് ബിഷപ്പ് കോർണേലിയൂസ് ഇലഞ്ഞിക്കൽ



2019 ഓഗസ്റ്റ് 7-ാം തീയതി അഭിവന്ദ്യ കോർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ 8-ാം ചരമ വാർഷികം. ഓഗസ്റ്റ് 5-ന് രാവിലെ 6.30ന് വിമലഗിരി കത്തീഡ്രലിൽ അഭിവന്ദ്യപിതാവിനുവേണ്ടി ബലിയർപ്പിക്കുന്നതാണ്.

# സ്മരണാഞ്ജലികൾ



## ബിഷപ്പ് പീറ്റർ തുരുത്തിക്കോണം

2019 സെപ്റ്റംബർ 5-ാം തീയതി അഭിവന്ദ്യവവവവവവമമ പീറ്റർ തുരുത്തിക്കോണം പിതാവിന്റെ 8-ാം ചരമ വാർഷികം. സെപ്റ്റംബർ 5-ന് രാവിലെ 6.30ന് വിമലഗിരി കത്തീഡ്രലിൽ അഭിവന്ദ്യപിതാവിനുവേണ്ടി ബലിയർപ്പിക്കുന്നതാണ്.

AUGUST 2019
Vol. 12 • Issue 8
*Published on*
1st August 2019

vijayapuradhuthu
(MONTHLY)
Annual Subscription ₹ 60.00

Registered No. **KL/KTM/117/2017-19**
LIC. No. **KL/CR/KTM/WPP-09/2017-19**
**Licensed to Post without prepayment**
RNI Registration No. **KERMAL/2008/24745**

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA


## മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം



# ECOBURN™

**MOST ECONOMICAL ECO–FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്ര സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

**ecoway**
TECHNOLOGIES PVT. LTD.

**Perumbaikadu P.O., Neelimangalam**
**Kottayam - 686028**
**Ph: 0481-2397752/9400316501**

**ENVIRONMENTAL CONSULTANTS & MANUFACTURES OF:**
WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS


Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180